# മികവിന്റെ സാക്ഷ്യമായി ശ്രീചിത്രയുടെ സ്റ്റാൾ

കാലത്തിനു മുൻപേ പോയ ആലോചനകളുടെയും സുദീർഘമായ ഗവേഷണത്തിന്റെയും ഫലം തെളിയുന്ന ഇടം. ഡൽഹി രാജ്യാന്തര വ്യാപാരമേളയിൽ കേരളത്തിന്റെ അഭിമാനമായി മാറുകയാണു തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ പ്രദർശനം. ശ്രീചിത്രയിലെ ഗവേഷകർ വികസിപ്പിച്ചെടുത്ത ചികിത്സാരീതികളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും പ്രദർശനമാണ് സ്റ്റാളിനെ സവിശേഷമാക്കുന്നത്. ഗവേഷണത്തിൽ നിർത്താതെ അവ വിപണി മൂല്യമുള്ള ഉപകരണങ്ങളായി മാറിയെന്നതും പ്രത്യേകത.



രാജ്യാന്തര വ്യാപരമേളയിലെ സ്റ്റാളിൽ തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ നിന്നുള്ള സംഘത്തിലെ ഡി.വിനോദ്, ഡോ. എസ്. രഞ്ജിത്ത്, ഡോ. ഡി.ആർ.ദിനൂപ്, ഡോ.ആർ.എസ്.ജയശ്രീ, ഡോ.അനുഗ്യ ഭാട്ട് എന്നിവർ.

രക്തധമനിയിൽ വീക്കമുള്ള ഭാഗത്തേക്ക് എത്താത്ത വിധത്തിൽ രക്തത്തിന്റെ ഒഴുക്കു തിരിച്ചുവിടുന്ന സ്റ്റെന്റ് (ഫ്ലോ ഡൈവർട്ടർ) ഒരു ഉദാഹരണം. തലച്ചോറിലെ രക്തക്കുഴലുകളിലുണ്ടാകുന്ന വീക്കം ചികിത്സിക്കുന്നതിൽ ഇതു സഹായകരമാകുന്നു. ശുദ്ധരക്തവും അശുദ്ധരക്തവും കൂടിക്കലർന്നുപോകുന്ന സാഹചര്യം ഒഴിവാക്കാൻ സഹായിക്കാൻ ഇൻജക്റ്റബ്ൾ ന്യൂറോ വാസ്കുലർ ഡിവൈവസ്, മുറിവുണക്കാൻ സഹായിക്കുന്ന കൃത്രിമ മിശ്രിതങ്ങൾ, കൃത്രിമ ഹൃദയ വാൽവായ 'ചിത്ര വാൽവ്', അയോട്ട ധമനികളിൽ പല കാരണങ്ങൾ കൊണ്ട് വികസിച്ചു പൊട്ടാവുന്ന അവസ്ഥ (അന്യൂറിയം) പരിഹരിക്കാൻ സഹായിക്കുന്ന ഗ്രാഫ്റ്റുകൾ തുടങ്ങിയവയെ അടുത്തറിയാനും മനസ്സിലാക്കാനും ശ്രീചിത്രയുടെ സ്റ്റാൾ സഹായിക്കും.

ഹൃദയ ശസ്ത്രക്രിയകൾ കൂടുതൽ സുരക്ഷിതമാക്കാൻ സഹായിക്കുന്നതും ചെലവു കുറഞ്ഞതുമായ ബ്ലഡ് ഫ്ലോ മീറ്ററാണ് മറ്റൊന്ന്. ശ്രീചിത്രയിലെ ഡോ.ആർ.എസ്.ജയശ്രീയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ ഡോ.അനുഗ്യ ഭാട്ട്, ഡോ.ദിനൂപ്, ഡോ.രഞ്ജിത്ത്, ഡി.വിനോദ് എന്നിവർ അംഗങ്ങളാണ്.